# ഖലീലുല്ലാഹിയുടെ ധന്യജീവിതം മാതൃകയാകുന്നത്

[ **Malayalam** – മലയാളം – مليالم ]

﴿ أُسْوَةٌ حَسَنَةٌ فِي إِبْرَاهِيمَ عليه السلام ﴾


**മുഹമ്മദ് കബീർ സലഫി**

محمد كبير سلفي

പരിശോധന: മുഹമ്മദ് സിയാദ് കണ്ണൂർ

مراجعة: محمد زياد كانور



**കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്**

**റബ്‌വ – റിയാദ് – സൗദി അറേബ്യ**

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة

الرياض/ المملكة العربية السعودية

islamhouse.com

1431 – 2010

بسم الله الرحمن الرحيم

الحمد لله رب العالمين الصلاة والسلام على خاتم الأنبياء والمرسلين وعلى آله وصحبه أجمعين، أما بعد،

പ്രവാചകൻമാരുടെ വിജയധന്യമായ ജീവിത ചരിത്രങ്ങൾ ഖുർആൻ ഒരുപാട് അധ്യായങ്ങളിൽ വിശദീകരിക്കുന്നുണ്ട്. അതിന്, അല്ലാഹു തന്നെ പറഞ്ഞു തരുന്ന കാരണമിതാണ്:

أُوْلَـئِكَ الَّذِينَ هَدَى اللّهُ فَبِهُدَاهُمُ اقْتَدِهْ (الأنعام: 90)

''അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്ന് കൊള്ളുക.'' (അൻആം: 90)
അഥവാ അല്ലാഹുവിനാൽ നേർവഴിയിലാക്കപ്പെട്ടവരും ലോകത്തിന് സ്വീകരി ക്കാൻ മാതൃകയായി നിശ്ചയിക്കപ്പെട്ടവരുമാണ് പ്രവാചകന്മാർ എന്നർഥം. ഈ അർഥത്തിൽ, വളരെ പ്രാധാന്യപൂർവം പഠിപ്പിക്കപ്പെട്ട ഒരു പ്രവാചക നാണ് മഹാനായ ഇബ്റാഹീം നബി(ﷺ).

ഖലീലുല്ലാഹി ഇബ്റാഹീം നബി(ﷺ)യുടെ സംഭവ ബഹുലവും പാഠനിബിഡവുമായ പ്രബോധന ജീവിതം വിശുദ്ധ ഖുർആനിൽ നിന്ന് ഒരിക്കൽ കൂടി വായിച്ചു പഠിക്കാൻ വിശ്വാസീലോകം ഇതിനകം തയ്യാറായിക്കഴിഞ്ഞിരിക്കുകയാണ്. ''നിങ്ങൾക്ക് ഇബ്രാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്.'' (മുംതഹിന: 4) എന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കിയതു കൊണ്ടുതന്നെ ഇബ്റാഹീമീ ജീവിതം വിശ്വാസികൾ പഠിച്ചറിഞ്ഞേ പറ്റൂ.

പ്രവാചക തിരുമേനി (ﷺ) അനുധാവനം ചെയ്തതും, ലോക ജനതയെ പരിശീലിപ്പിച്ചതും ഇബ്റാഹീം നബി(ﷺ)യുടെ മില്ലത്തായിരുന്നു. അല്ലാഹു തിരുമേനിക്ക് നൽകിയ മഹത്തായ അനുഗ്രഹമാണത്. അല്ലാഹു പറഞ്ഞു:

إِنَّ إِبْرَاهِيمَ كَانَ أُمَّةً قَانِتًا لِلّهِ حَنِيفًا وَلَمْ يَكُ مِنَ الْمُشْرِكِينَ (النحل:120)

''പിന്നീട്, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്നവനായിരുന്ന ഇബ്രാഹീമിന്റെ മാർഗത്തെ പിന്തുടരണം എന്ന് നിനക്ക് ഇതാ ബോധനം നൽകിയിരിക്കുന്നു. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല.'' (നഹ്ൽ: 120)
സകല പ്രവാചകന്മാരും പ്രബോധനം ചെയ്തത് ഒരേ മില്ലത്തു തന്നെയാണ്. അവസാനകാലം വരെയുള്ള മനുഷ്യ സമൂഹത്തിന് ഉൾക്കൊ

ള്ളാനും പ്രവർത്തിക്കാനുമുള്ള ശരീഅത്തായി ഇബ്റാഹീം നബിയുടെ മില്ലത്തു സ്വീക രിക്കുക എന്ന് പ്രവാചക തിരുമേനിയോട് അല്ലാഹു പ്രത്യേകം ആവശ്യപ്പെടുക വഴി, ഖലീലുല്ലാഹിയുടെ സ്ഥാനമഹത്വങ്ങളാണ് ഘോഷിക്കപ്പെടുന്നത്. പടച്ചതമ്പുരാന്റെ കൽപനയെ ശിരസ്സാവഹിച്ചു കൊണ്ട് നബി(ﷺ) പ്രഖ്യാപിക്കുന്ന ഒരു വചനമുണ്ട്. അതിങ്ങനെ:

قُلْ إِنَّنِي هَدَانِي رَبِّي إِلَى صِرَاطٍ مُّسْتَقِيمٍ دِينًا قِيَمًا مِّلَّةَ إِبْرَاهِيمَ حَنِيفًا وَمَا كَانَ مِنَ الْمُشْرِكِينَ (الأنعام:161)

''തീർച്ചയായും എന്റെ രക്ഷിതാവ് എന്നെ നേരായ പാതയിലേക്ക് നയിച്ചിരി ക്കുന്നു. വക്രതയില്ലാത്ത മതത്തിലേക്ക്. നേർമാർഗത്തിൽ നില കൊണ്ട ഇബ്രാഹീമിന്റെ ആദർശത്തിലേക്ക്. അദ്ദേഹം ബഹുദൈവ വാദികളിൽ പെട്ട വനായിരുന്നില്ല.'' (അൻആം: 161)

ത്യാഗവൃദ്ധനായ ഇബ്റാഹീം പ്രവാചക(ﷺ)ന്റെ മാർഗം അവക്രമാണ്.

പ്രവാചക ശ്രേഷ്ഠൻ (ﷺ) ലോകത്തിന് നൽകിയത് ആ മഹിതദീനാണ്. അതാണ് ഇസ്ലാം. മനുഷ്യ സമൂഹത്തിന് മുഴുവൻ സന്ദേഹമില്ലാതെ സ്വീക രിക്കാവുന്ന ശരീഅത്ത്. ലോകസ്രഷ്ടാവിനെ, അവന്റെ ആരാധ്യതയെ, അവന്റെ മാർഗത്തിലുള്ള ത്യാഗപരിശ്രമങ്ങളെ, അതു വഴി ലഭിക്കാനിരിക്കുന്ന ഐഹികവും പാരത്രികവുമായ പ്രതിഫലങ്ങളെ മുഴുവൻ പഠിച്ചറിയാനും പിന്തുടരാനും കൊതിക്കുന്ന ആർക്കും ഖലീലുല്ലാഹിയുടെ ജീവിതത്തെ കലവറയില്ലാതെ സമീപിക്കാവുന്നതാണ്. അങ്ങനെയുള്ളവരാണ് ഉൽകൃ ഷ്ടൻമാർ എന്ന് ഖുർആൻ തന്നെ പറയുന്നുണ്ട്.

وَمَنْ أَحْسَنُ دِينًا مِّمَّنْ أَسْلَمَ وَجْهَهُ لله وَهُوَ مُحْسِنٌ واتَّبَعَ مِلَّةَ إِبْرَاهِيمَ حَنِيفًا وَاتَّخَذَ اللّهُ إِبْرَاهِيمَ خَلِيلاً (النساء:125)

''സദ്വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് കീഴ്പെടുത്തു കയും, നേർമാർഗത്തിലുറച്ച് നിന്ന് കൊണ്ട് ഇബ്രാഹീമിന്റെ മാർഗത്തെ പിന്തുടരുകയും ചെയ്തവനേക്കാൾ ഉത്തമ മതക്കാരൻ ആരുണ്ട്? അല്ലാഹു ഇബ്രാഹീമിനെ സുഹൃത്തായി സ്വീകരിച്ചിരിക്കുന്നു.'' (നിസാഅ്: 125)

ഖലീലുല്ലാഹി ഇബ്റാഹീം നബി(ﷺ)യുടെ ജീവിതത്തിലുണ്ടായിരുന്ന സവിശേഷ ഗുണങ്ങളെ വിവിധ ആയത്തുകളിലൂടെ പടച്ചതമ്പുരാൻ വ്യക്തമാക്കിത്തരുന്നുണ്ട്. പിന്തുടരപ്പെടാൻ അനുയോജ്യമായ മാതൃക തന്നെയായിരുന്നു ആ ധന്യജീവിതം എന്ന് ബോധ്യപ്പെടാൻ പ്രസ്തുത വചനങ്ങളിലെ പ്രസ്താവങ്ങൾ നമ്മെ സഹായിക്കുമെന്നതിൽ രണ്ടു പക്ഷ മില്ല. അദ്ദേഹത്തിലുണ്ടായിരുന്ന ഓരോ ഗുണവും വിശ്വാസികളുടെ ജീവിതത്തിന് ഉൾക്കാഴ്ച നൽകുന്നവയാണ്.

**1. ഉമ്മത്ത് (സമുദായം, മാതൃക)**

ഇബ്റാഹീം നബി(ﷺ)യെ പരിചയപ്പെടുത്താൻ അല്ലാഹു ഉപയോഗിച്ച പദമാണിത്. ''തീർച്ചയായും ഇബ്രാഹീം ഒരു ഉമ്മത്ത് തന്നെയായിരുന്നു'' (നഹ്ൽ) എന്ന് ഖുർആൻ പറയുന്നു. അഥവാ മനുഷ്യ സമൂഹത്തിന് മാതൃകയായി നിലകൊള്ളാൻ തക്ക സകലമാന സൽഗുണങ്ങളും സമ്മേളിച്ച പുരുഷനായിരുന്നു അദ്ദേഹം എന്നർഥം. നന്മകളിൽ പിന്തുടരപ്പെടാൻ യോഗ്യതയുള്ള മാതൃക എന്നാണ് ഉമ്മത്ത് എന്ന പദത്തിന് ഇബ്നു ജരീർ, ഇബ്നു കഥീർ പോലുള്ള മുഫസ്സിറുകൾ വിശദീകരിണം നൽകിയിട്ടുള്ളത്. അല്ലാഹു ഏൽപിച്ച പ്രബോധന ദൗത്യം ഒറ്റക്ക്, ഒരു സമൂഹത്തിന്റെ ചുറുചുറുക്കോടെയും ചങ്കുറപ്പോടെയും, പാറിനടന്ന് നിർവഹിച്ചവരെന്ന നിലക്കും ഇബ്റാഹീം നബി(ﷺ) ഉമ്മത്ത് എന്ന വിശേഷണത്തിന് അർഹനായിത്തീരുന്നതാണ്.

**2. ഖാനിത് (കീഴ്പ്പെട്ടു ജീവിക്കുന്നവൻ)**

''തീർച്ചയായും ഇബ്രാഹീം അല്ലാഹുവിന്ന് കീഴ്പെട്ട് ജീവിക്കുന്നവനായിരുന്നു'' എന്ന് സൂറത്തു നഹ്ലിൽ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹുവിന്റെ കൽപനകൾ മുഴുവൻ ശിരസ്സാവഹിക്കുകയും, അവ നടപ്പിലാക്കുന്നതിൽ തികഞ്ഞ അനുസരണയോടെ പ്രവർത്തിക്കുകയും ചെയ്ത മഹാനായിരുന്നു അദ്ദേഹം. ഖലീലുല്ലാഹിയുടെ അനുസരണമനസ്ഥിതിയെ അല്ലാഹു പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്.

إِذْ قَالَ لَهُ رَبُّهُ أَسْلِمْ قَالَ أَسْلَمْتُ لِرَبِّ الْعَالَمِينَ (البقرة: 131)

''നീ കീഴ്പെടുക എന്ന് അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് പറഞ്ഞപ്പോൾ സർവ്വലോകരക്ഷിതാവിന്ന് ഞാനിതാ കീഴ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു.'' (ബഖറ: 131)

**3. ഹനീഫ് (നേർവഴിയിൽ നിലകൊള്ളുന്നവൻ)**

''തീർച്ചയായും ഇബ്രാഹീം അല്ലാഹുവിന്ന് കീഴ്പെട്ട് ജീവിക്കുന്ന, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു സമുദായം തന്നെയായി രുന്നു'' (നഹ്ൽ) എന്ന ഖുർആനിന്റെ പ്രസ്താവന നൂറിൽ നൂറുശതമാനവും ശരിയായിരുന്നു. ശിർക്കിൽ നിന്നും മനസ്സറിഞ്ഞു മാറുകയും തൗഹീദിലേക്ക് ചായുകയും ചെയ്തവൻ എന്നാണ് ഹനീഫ് എന്ന പദത്തിന് ഇബ്നു കഥീർ അർഥം നൽകിയിട്ടുള്ളത്. ഇബ്റാഹീം നബി(ﷺ)യെ പരിചയപ്പെടുത്തിക്കൊണ്ട് അവസാനിക്കുന്ന ആയത്തുകളിലെ, ''ഞാൻ ബഹുദൈവവാദികളിൽ പെട്ടവനേ അല്ല.'' (അൻആം: 79), ''അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല.'' (അൻആം: 161), ''സർവ്വലോകരക്ഷിതാവിന്ന് ഞാനിതാ കീഴ്പെട്ടിരിക്കുന്നു.'' (ബഖറ: 130, 131) തുടങ്ങിയ പ്രസ്താവനകൾ ഇമാം ഇബ്നു കഥീറിന്റെ അർഥകൽപനയെ തീർത്തും ശരിവെക്കുന്നവയാണ്.

സൂര്യ, ചന്ദ്ര നക്ഷത്രാധികൾ സാക്ഷാൽ ദൈവമല്ലെന്നും, അവ ആരാധിക്കപ്പെടേണ്ടവയല്ലെന്നും സ്വന്തം സമൂഹത്തെ ബോധ്യപ്പെടുത്തിയതിനു ശേഷം ഇബ്റാഹീം നബി(ﷺ) നടത്തുന്ന പ്രഖ്യാപനം അദ്ദേഹത്തിന്റെ നേർമാർഗ ജീവിതത്തിലേക്ക് കൂടുതൽ വെളിച്ചം നൽകും. അദ്ദേഹം പറഞ്ഞു:

إِنِّي وَجَّهْتُ وَجْهِيَ لِلَّذِي فَطَرَ السَّمَاوَاتِ وَالأَرْضَ حَنِيفًا وَمَا أَنَاْ مِنَ الْمُشْرِكِينَ (الأنعام: 79)

''തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചുനിന്നു കൊണ്ട് എന്റെ മുഖം ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവാദികളിൽ പെട്ടവനേ അല്ല.'' (അൻആം: 79)

**4. ശാകിർ (നന്ദികാണിക്കുന്നവൻ)**

സൂറത്തു നഹ്ലിൽ ഇബ്റാഹീം നബി(ﷺ) യെ സംബന്ധിച്ച് അല്ലാഹു പരിചയ പ്പെടുത്തിയ മറ്റൊരു ഗുണമാണ് അദ്ദേഹം ശാകിറായിരുന്നു എന്നത്. അല്ലാഹു പറഞ്ഞു: ''അവന്റെ (അല്ലാഹുവിന്റെ) അനുഗ്രഹ ങ്ങൾക്ക് നന്ദി കാണിക്കുന്നവനായിരുന്നു അദ്ദേഹം.'' ചെറുതും വലുതു മായ ഏതനുഗ്രഹം അനുഭവിക്കുമ്പോഴും ദൈവദാസന്മാരിൽ ഉണ്ടാകേണ്ട സൽഗുണമാണ് കൃതജ്ഞത.

ശുക്റിനെ വിശദീകരിക്കുന്നിടത്ത് കൃതജ്ഞതയുടെ അഞ്ച് അടിസ്ഥാന ങ്ങളെ സംബന്ധിച്ച് പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്.

1. അനുഗ്രഹദാതാവായ അല്ലാഹുവിന്ന് സമ്പൂർണ്ണമായി കീഴൊതുങ്ങുക.
2. അവനെ പരമമായി സ്നേഹിക്കുക.
3. അനുഗ്രഹങ്ങൾ ലഭിച്ചത് അല്ലാഹുവിൽ നിന്നു തന്നെയാണ് എന്ന് അംഗീകരിക്കുക.
4. അതിന്റെ പേരിൽ അവനെ പുകഴ്ത്തുക.
5. ലഭിച്ച അനുഗ്രഹങ്ങൾ അല്ലാഹുവിന്ന് ഇഷ്ടമില്ലാത്ത മേഖലയിലും സംഗതികളിലും ഉപയോഗിക്കാതിരിക്കുക.

ഇവയാണ് പ്രസ്തുത അഞ്ച് അടിസ്ഥാനങ്ങൾ.

മഹാനായ ഇബ്റാഹീം നബി(ﷺ)യുടെ ജീവിതം പരിശോധിച്ചാൽ ഈ അഞ്ച് വശങ്ങളും അതിൽ സമഞ്ജസമായി ഉൾച്ചേർന്നതായി നമുക്ക് കാണാനാകും.

**5. ഹലീം (സഹനശീലൻ)**

പരീക്ഷണങ്ങളുടെ തീച്ചൂളയിലൂടെയാണ് ഇബ്റാഹീം നബിയുടെ പ്രബോധന ജീവിതം കടന്നുപോയത്. ദൈവിക ദൗത്യത്തിന്റെ പൂർത്തീകര ണത്തിനു വേണ്ടി ത്യാഗസന്നദ്ധനായിരുന്ന അദ്ദേഹം പരീക്ഷണങ്ങളെ മുഴുവൻ സഹനത്തോടെ നേരിട്ടതായി ഖുർആൻ പറഞ്ഞു തരുന്നുണ്ട്. അല്ലാഹു പറഞ്ഞു:

إِنَّ إِبْرَاهِيمَ لَحَلِيمٌ أَوَّاهٌ مُّنِيبٌ (هود:75)

''തീർച്ചയായും ഇബ്രാഹീം സഹനശീലനും, ഏറെ അനുകമ്പയുള്ളവനും പശ്ചാത്താപമുള്ളവനും തന്നെയാണ്.'' (ഹൂദ്: 75)

ജനിച്ചു വളർന്ന വീട്ടിൽ നിന്ന് പിതാവ് ആട്ടിയിറക്കിയപ്പോഴും, നാട്ടുകാർ തർക്കിച്ചൊറ്റപ്പെടു ത്തിയപ്പോഴും, തനിക്കു വേണ്ടി അവർ അഗ്നികുണ്ഠം തയ്യാറാക്കിയപ്പോഴും, നിഷ്കരുണം ആ അഗ്നികുണ്ഡത്തിലേക്കെറിയാൻ

രാജാവ് കൽപിച്ചപ്പോഴും അനിതര സാധാരണമായ സഹനം കാണിക്കാൻ ഇബ്‌റാഹീം നബിക്ക് സാധിച്ചിരുന്നു. ഏത് സന്നിഗ്ദ ഘട്ടത്തിലും, 'എനിക്ക് അല്ലാഹു മതി, അവൻ ഭരമേൽപ്പിക്കാൻ മതിയായവനാണ്' എന്ന് ചാഞ്ചല്യ മില്ലാതെ പറയാൻ അദ്ദേഹത്തിനായത് ആ സഹനശേഷിയുടെ ഊക്ക് കൊണ്ടുതന്നെയാണ്.

**6. അവ്വാഹ് (അനുകമ്പയുള്ളവൻ)**

മേലെ നൽകിയ ഹൂദിലെ ആയത്തിൽ ഈ ഗുണവും നാം വായിക്കുകയു ണ്ടായി. ആരിലും ഉണ്ടാകേണ്ട മികച്ച ഗുണമാണിത്. തികഞ്ഞ ദൈവബോധ മുള്ള, മനുഷ്യത്വവും, സമശിഷ്ടി ബോധവുമുള്ള ഏതൊരാളിലും ഈ ഗുണത്തിന്റെ നിറവ് സജീവമായി നിൽക്കുന്നത് കാണാനാകും. ശത്രുവെ ന്നൊ, മിത്രമെന്നൊ നോക്കാതെ നന്മനൽകാനും നന്മനേരാനുമുള്ള മനസ്സ് വിശ്വാസികൾക്ക് ലഭിക്കുന്നത് ഖുർആനിലെ ഇത്തരം പാഠങ്ങളിൽ നിന്നാണ്.

വിനീതൻ, പ്രാർഥനാനിരതൻ തുടങ്ങിയ അർഥങ്ങളും അവ്വാഹിന് പറയ പ്പെടാറുണ്ട്. ഇബ്‌റാഹീം നബി(ﷺ)യുടെ കാര്യത്തിൽ ഈ സവിശേ ഷതകളും സാർഥകമാണ്. ഏതൊരു രംഗത്തും റബ്ബിനെ ഓർക്കാനും, ഏതു കാര്യത്തിനും റബ്ബിനോട് തേടാനും സന്നദ്ധനായിരുന്ന ഖലീലുല്ലാ ഹി(ﷺ), പടച്ച തമ്പുരാന്റെ ഏതൊരു കൽപനയുടെ മുന്നിലും വിനീത ദാസനായിരുന്നു.

رَّبَّنَا عَلَيْكَ تَوَكَّلْنَا وَإِلَيْكَ أَنَبْنَا وَإِلَيْكَ الْمَصِيرُ (ممتحنة:4)

''ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുകയും, നിങ്ക ലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു. നിങ്കലേക്ക് തന്നെയാണ് തിരിച്ചുവരവ്.'' (മുംതഹിന: 4) എന്ന, അദ്ദേഹത്തിന്റെയും അനുയായികളു ടേയും പ്രാർഥന, അല്ലാഹുവിലേക്ക് മാത്രം മനസ്സു തിരിച്ചു വെക്കേ ണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി തരുന്നുണ്ട്.

**7. ഉത്തരവാദിത്തമുള്ള കുടുംബ സ്നേഹി**

പരിശുദ്ധമായ തൗഹീദീ പ്രബോധനത്തിന് നിയോഗിതനായ ഇബ്‌റാഹീം നബി(ﷺ) ആദ്യമായി അതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതും ശിർക്കിന്റെ ഗൗരവം മനസ്സിലാക്കിക്കൊടുക്കുന്നതും സ്വന്തം പിതാവി ന്നാണ്. ബിംബ നിർമ്മാതാവും, ബിംബാരാധകനുമായിരുന്ന പിതാവിനെ തന്മയത്വത്തോടെയാണ് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ അദ്ദേഹം ശ്രമിക്കു ന്നത്. ഖുർആൻ അത് ഇങ്ങനെ വ്യക്തമാക്കുന്നു:

إِذْ قَالَ لِأَبِيهِ يَا أَبَتِ لِمَ تَعْبُدُ مَا لَا يَسْمَعُ وَلَا يُبْصِرُ وَلَا يُغْنِي عَنكَ شَيْئًا * يَا أَبَتِ إِنِّي قَدْ جَاءَنِي مِنَ الْعِلْمِ مَا لَمْ يَأْتِكَ فَاتَّبِعْنِي أَهْدِكَ صِرَاطًا سَوِيًّا (مريم:43،42)

''അദ്ദേഹം തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ പിതാവേ, കേൾക്കുകയോ, കാണുകയോ ചെയ്യാത്ത, താങ്കൾക്ക് യാതൊരു ഉപകാരവും ചെയ്യാത്ത വസ്തുവെ താങ്കൾ എന്തിന് ആരാധി ക്കുന്നു? എന്റെ പിതാവേ, തീർച്ചയായും താങ്കൾക്ക് വന്നുകിട്ടിയിട്ടില്ലാത്ത

അറിവ് എനിക്ക് വന്നുകിട്ടിയിട്ടുണ്ട്. ആകയാൽ താങ്കൾ എന്നെ പിന്തടരൂ. ഞാൻ താങ്കൾക്ക് ശരിയായ മാർഗം കാണിച്ചുതരാം.'' (മർയം: 42, 43)
സ്വന്തം പിതാവിനോടുള്ള വാത്സല്യവും, അദ്ദേഹം ദൈവിക ശിക്ഷയിലകപ്പെട്ടുകൂടാ എന്ന നിർബന്ധവുമാണ് മേലെ വായിച്ച ആയത്തുകളിൽ നിറഞ്ഞു നിൽക്കുന്നത്. ഇങ്ങനെയൊക്കെ വിശദീകരിച്ചു നൽകിയിട്ടും, സത്യത്തെ നിഷേധിക്കുകയും തന്നെ വീട്ടിൽ നിന്ന് ആട്ടിയിറക്കുകയും ചെയ്ത പിതാവിനോട് ഈർഷ്യയല്ല, അദ്ദേഹത്തിനു വേണ്ടി അല്ലാഹുവിനോട് പാപമോചനത്തിനു തേടുമെന്ന മികച്ച പുത്രസ്നേഹത്തിന്റെ നിലപാടായിരുന്നു ഇബ്റാഹീം നബിക്ക് ഉണ്ടായിരുന്നത്. എന്നാൽ വ്യക്തമായ ശിർക്കിലകപ്പെട്ട് മരിച്ചുപോയ ആർക്കു വേണ്ടിയും പാപമോചനത്തിന് പ്രാർഥിച്ചുകൂടാ എന്ന് ഖുർആൻ പിന്നീട് പഠിപ്പിക്കുകയുണ്ടായി.
അതേപ്രകാരം തന്നെ,

رَبِّ اجْعَلْ هَـذَا الْبَلَدَ آمِنًا وَاجْنُبْنِي وَبَنِيَّ أَن نَّعْبُدَ الأَصْنَامَ (إبراهيم:35)

''എന്റെ രക്ഷിതാവേ, നീ എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തേണമേ.'' (ഇബ്റാഹീം: 35)

رَّبَّنَا إِنِّي أَسْكَنتُ مِن ذُرِّيَّتِي بِوَادٍ غَيْرِ ذِي زَرْعٍ عِندَ بَيْتِكَ الْمُحَرَّمِ رَبَّنَا لِيُقِيمُواْ الصَّلاَةَ فَاجْعَلْ أَفْئِدَةً مِّنَ النَّاسِ تَهْوِي إِلَيْهِمْ وَارْزُقْهُم مِّنَ الثَّمَرَاتِ لَعَلَّهُمْ يَشْكُرُونَ (إبراهيم:37)

''ഞങ്ങളുടെ രക്ഷിതാവേ, എന്റെ സന്തതികളിൽ നിന്ന് (ചിലരെ) കൃഷിയൊന്നും ഇല്ലാത്ത ഒരു താഴ്വരയിൽ, നിന്റെ പവിത്രമായ ഭവനത്തിന്റെ (കഅ്ബയുടെ) അടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർ നമസ്കാരം മുറപ്രകാരം നിർവഹിക്കുവാൻ വേണ്ടിയാണ് (അങ്ങനെ ചെയ്തത്.) അതിനാൽ മനുഷ്യരിൽ ചിലരുടെ മനസ്സുകളെ നീ അവരോട് ചായ്‌വുള്ളതാക്കുകയും, അവർക്ക് കായ്കനികളിൽ നിന്ന് ഉപജീവനം നൽകുകയും ചെയ്യേണമേ.'' (ഇബ്റാഹീം: 37)

തുടങ്ങിയ ഇബ്റാഹീം നബി(ﷺ)യുടെ പ്രാർഥനകളിൽ തികഞ്ഞ കുടുംബസ്നേഹത്തിന്റേയും, നന്മേച്ഛകളുടേയും മാതൃകകളാണ് കാണാനാകുന്നത്.
അല്ലാഹുവിന്റെ കൂട്ടുകാരനെന്ന് അല്ലാഹു തന്നെ വിശേഷിപ്പിച്ച ഇബ്റാഹീം നബി(ﷺ)യുടെ മഹിത ഗുണങ്ങൾ ഇനിയും ഒട്ടേറെ എടുത്തെഴുതാനുണ്ട്. കൂടുതൽ ചികഞ്ഞറിയാൻ അവ ഖുർആൻ പഠിതാക്കൾക്കു വിടുകയാണ്. ''നിങ്ങൾക്ക് ഇബ്രാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ മാതൃകയുണ്ട്'' (മുംതഹിന: 4) എന്ന വിശുദ്ധവാക്യം മാനിച്ച് നമുക്കാ ധന്യജീവിതത്തെ നെഞ്ചേറ്റാം.

وصلى الله وسلم على خاتم الأنبياء وعلى آله وصحبه أجمعين

******